## ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ. -ജീവനക്കാര്യം -ശ്രീ. ആഷിത് എം., ക്ലാർക്ക്, പി.എച്ച്.സി. എ.ആർ.നഗർ, മലപ്പുറം അന്തർ ജില്ലാ സ്ഥലം മാറ്റം -ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. 24/08/2017 തീയതിയിലെ ഒ.എ.നം. 1655/2017 കേസിലെ വിധി.

2. ശ്രീ. ആഷിത് എം. ന്റെ 18/09/2017 ലെ അപേക്ഷ.

### ഉത്തരവ് നമ്പർ ഇ.ഡി1-80929/2017/ആ.വ.ഡ.,തീയതി: 20/11/2017

ശ്രീ. ആഷിത് എം. ഇ.ഡി.1-6/13/ആ.വ.ഡ.(3), തീയതി 12/06/2013 ഉത്തരവ് പ്രകാരം ആശ്രിത നിയമനം മുഖേന 08/07/2013 ൽ മലപ്പുറം ജില്ലയിലെ എ. ആർ. നഗർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ജോലിയിൽ പ്രവേശിച്ചു. ടിയാൾ നിയമനത്തിനായി തെരഞ്ഞെടുത്ത ജില്ല കോട്ടയം ആയിരുന്നു. കോട്ടയം ജില്ലയിൽ ഒഴിവില്ലാത്തിനാൽ ടിയാളെ മലപ്പുറം ജില്ലയിൽ നിയമിക്കുകയുണ്ടായി. നിയമനം ലഭിച്ച് 4 വർഷം കഴിഞ്ഞിട്ടും കോട്ടയം ജില്ലയിലേക്ക് സ്ഥലംമാറ്റം ലഭിക്കാത്തിനാൽ കോട്ടയം ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകണമെന്നാവശ്യപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ കേസ് (ഒ.എ. നം. 1655/2017) ഫയൽ ചെയ്തിരുന്നു. ടിയാന്റെ വാദം നേരിൽകേട്ട് ഉചിതമായ തീരുമാനം കൈക്കൊള്ളാൻ പരാമർശം (1) പ്രകാരം കോടതി വിധിക്കുകയുണ്ടായി. ആയതിന്റ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് 22/10/2017 ന് ടിയാനെ നേരിൽ കേൾക്കുകയുണ്ടായി. നിലവിൽ കോട്ടയം ജില്ലയിൽ ക്ലാർക്കിന്റെ ഒഴിവുണ്ട്. ടി സാഹചര്യത്തിൽ ഇപ്പോൾ മലപ്പുറം എ.ആർ. നഗർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ക്ലാർക്കായി ജോലി നോക്കുന്ന ശ്രീ. ആഷിത് എം. നെ ഉചിതമായ സ്ഥലംമാറ്റ നിയമനത്തിനായി ജില്ലാ മെഡിക്കൽ ഓഫീസർ, കോട്ടയത്തിന് അനുവദിച്ച് ഉത്തരവാകുന്നു.

ടിയാൾ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ മേധാവി ടി ജീവനക്കാരന്റെ നിയമനത്തിനായി അനുവദിക്കപ്പെട്ടിട്ടുള്ള ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നിയമന ഉത്തരവ് ലഭിച്ചാലുടൻ സേവനത്തിൽ നിന്ന് വിടുതൽ ചെയ്യേണ്ടതാണ്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് നിയമന ഉത്തരവ് നൽകുന്നതിനും വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനും ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

വിടുതൽ ചെയ്യുന്ന തീയതിയും, ജോലിയിൽ പ്രവേശിക്കുന്ന തീയതിയും ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്/-

സി. എം. അജയമോഹൻ

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്:

ശ്രീ. ആഷിത് എം. ക്ലാർക്ക്, പ്രാഥമികാരോഗ്യ കേന്ദ്രം, എ.ആർ. നഗർ, മലപ്പുറം.

പകർപ്പ്-

1. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.
2. ജില്ലാ മെഡിക്കൽ ഓഫീസർ, മലപ്പുറം/കോട്ടയം.
3. മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യ കേന്ദ്രം, എ.ആർ. നഗർ, മലപ്പുറം.
4. ഫയൽ/കരുതൽ ഫയൽ .

//അംഗീകാരത്തോടെ//

സൂപ്രണ്ട്